**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** | **16-03-2022 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ പർച്ചെയ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ്, മാസ്ക് എന്നിവ വാങ്ങിയ കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ നടപടിക്ക് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേയ്സുകൾ നേരിട്ടാണ് നടത്തുന്നത്. |
| (ബി) | ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേയ്സുകൾ നേരിട്ടാണ് നടത്തുന്നത്. |
| (സി) | കേരള മെഡിക്കൽ സർവീസസ് കോർപറേഷന് സ്റ്റോർ പർച്ചെയ്സ് മാന്വലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പർച്ചെയ്സുകൾ നടത്താൻ സാധിക്കുന്നത് എന്നത് വസ്തുതയാണോ; | (സി) | വസ്തുത അല്ല. സ.ഉ (കൈ)നം. 186/2012/ആ.കു.വ തീയതി 19/06/2012 പ്രകാരം കെഎം.എസ്.സി.എൽ - ന് നെഗോസിയേഷൻ മുഖാന്തിരം ബ്രാന്റഡ് മരുന്നുകൾ സംഭരിക്കാവുന്നതാണ്. |
| (ഡി) | കോവിഡിന്റെ പശ്ചാത്തലത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് പർച്ചെയ്സുകൾക്കു സ്റ്റോർ പർച്ചെയ്സ് മാന്വലിൽ ഇളവ് അവദിച്ച് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ ഇളവ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ.ഉ. (സാധാ) നം. 09/2020/എസ്.പി.ഡി തീയതി 04/04/2020 പ്രകാരം സ്റ്റോർ പർച്ചേയ്സ് മാന്വലിൽ ഇളവ് അനുവദിച്ചിരുന്നു. |
| (ഇ) | സ്റ്റോർ പർച്ചെയ്സ് മാന്വലിൽ ഇളവ് ലഭിക്കുന്നതിന് മുൻപാണോ സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിൽ പി. പി. ഇ. കിറ്റ്, മാസ്ക് എന്നിവ വാങ്ങാൻ തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ? | (ഇ) | രാജ്യവ്യാപകമായി Notified Disaster ആയി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തിര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽ കണ്ട് ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള State Crisis Management Group ന്റെ 28.03.2020-ലെ യോഗതീരുമാന പ്രകാരം പിപിഇ കിറ്റുകളുടെ കരുതൽ ശേഖരം ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാമഗ്രികൾ നിലവിലെ മാർക്കറ്റ് റേറ്റിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം കെ.എം.എസ്.സി.എൽ നടപടി സ്വീകരിക്കുകയും ചെയ്തു. സ്റ്റോർ പർച്ചേയ്സ് മാന്വലിലെ ഇളവുകൾ ലഭിക്കുന്നതിന് മുൻപാണ് പ്രസ്തുത കമ്പനിയിൽ നിന്ന് പി.പി.ഇ. കിറ്റ്, മാസ്ക് |

| | | | |
|---|---|---|---|
| | | | എന്നിവ വാങ്ങാൻ കെ.എം.എസ്.സി.എൽ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ